ലോട്ടറി നടത്താൻ അനുവാദം

646. [869] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 വർഷത്തിൽ സംസ്ഥാനത്ത് ലോട്ടറി വകുപ്പിന് പുറത്തുള്ള സ്ഥാപനങ്ങൾക്ക് ലോട്ടറി നടത്താൻ അനുവാദം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാം ;

(സി) അതുകാരണം സർക്കാരിന് വരുമാനം കുറയും എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ മറ്റു സ്ഥാപനങ്ങൾക്ക് ലോട്ടറി നടത്താൻ അനുവാദം നിഷേധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 30-5-1986-ലെ ജി.ഒ. ആർ.ടി. 1611/86/ഹോം നമ്പർ സർക്കാർ ത്തേരവു പ്രകാരം കേരള പോലീസ് സ്പോർട്സ് ആൻറ് യൂത്ത് വെൽഫെയർ സൊസൈറ്റിക്ക് 52 വീക്കിലി നറുക്കെടുപ്പുകൾ നടത്തുവാനുള്ള അനുവാദം നൽകിയിട്ടുണ്ട്.

(സി) വരുമാനം കുറയുന്ന കാര്യം ഇപ്പോൾ തിട്ടപ്പെടുത്താറായിട്ടില്ല.

(ഡി) മേലാൽ അനുവാദം കൊടുക്കുന്നതല്ല.

കേരള ഭാഗ്യമാല ലോട്ടറി

647. [870] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭാഗ്യമാല എന്നൊരു ലോട്ടറിക്കൂടി അനുവാദം കൊടുത്തതിനുശേഷം സ്റേറേറ് ലോട്ടറി ടിക്കറ്റു വിലപനയിൽ കുറവുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ ആൻറ് ബി) തിട്ടപ്പെടുത്താറായിട്ടില്ല.

ലോട്ടറി വകുപ്പിനു ലഭിച്ച ലാഭം

648. [871] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 വർഷത്തിൽ ഏപ്രിൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ലോട്ടറി വകുപ്പിന് ലഭിച്ച ലാഭം എത്ര ;

(ബി) ഓരോ ഡ്രോയിലും ലഭിച്ച തുകയും ലാഭവും പ്രത്യേകം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly